# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1342** — **20.01.2014 ൽ മറുപടിക്ക്**

**ഭക്ഷ്യവസ്തുക്കളുടെ വിലനിയന്ത്രണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ. കെ. എൻ. എ. ഖാദർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കളുടെ കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും ക്രമരഹിതമായ വിലവർദ്ധനയും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില വർദ്ധിപ്പിക്കുന്ന നടപടികൾ നിയന്ത്രിക്കുന്നതിന് അവശ്യസാധന നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും വില്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കുകയും ചെയ്തുവരുന്നു. താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകൾ നടത്തുന്നു. കൂടാതെ ഉത്സവ സീസണുകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തുന്നു. ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധനവിൽ നിന്നും സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിനായി പൊതു വിതരണ ശൃംഖല വഴി അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം നടത്തുകയും അവ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട് എന്നുറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ, മാവേലിസ്റ്റോറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധിവരെ തടഞ്ഞുനിർത്താൻ സഹായിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കുറഞ്ഞ വിലയ്ക്ക് ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കാൻ ഏതൊക്കെ ഏജൻസി കൾക്ക് എന്തു തുക വീതം കഴിഞ്ഞ അഞ്ചു വർഷം സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സബ്സിഡി തുക ശരിയായ വിധമാണോ വിനിയോഗിക്കു ന്നതെന്നും, അത് ദുർവിനി യോഗം ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ; | (സി) | സപ്ലൈകോയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ ഉപഭോക്താവിന് മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതു വഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുന്ന തിനായി വിജിലൻസ് സ്ക്വാഡുകൾ ഇന്റേണൽ ഓഡിറ്റ് വിഭാഗം എന്നിവ മുഖേന വിൽപ്പന ശാലകളിൽ പരിശോ ധന നടത്തി വരുന്നു. സബ്സിഡി തുക വിനിയോഗിച്ച ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള ഓഡിറ്റ് പാർട്ടിയും അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഓഡിറ്റ് പാർട്ടിയും പരിശോധന നടത്താറുണ്ട്. |
| (ഡി) | സബ്സിഡി തുകയുടെ വരവും വിനിയോഗവും പ്രത്യേകമായി രേഖപ്പെടു ത്താൻ ഓരോ ഏജൻസി യിലും സംവിധാനമുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ ഓരോ ഏജൻസിയുടെയും വിനിയോഗ വിവരം ലഭ്യമാക്കുമോ? | (ഡി) | സബ്സിഡി തുകയുടെ വരവും വിനി യോഗവും പ്രത്യേകമായി രേഖപ്പെടു ത്താനുള്ള സംവിധാനം സപ്ലൈകോയിൽ നിലവിലുണ്ട്. സബ്സിഡി തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**

h/